# നീര -കേര കർഷക സംഗമവും സെമിനാറും എല്ലാ ജില്ലകളിലും

തിരുവനന്തപുരം: നീരയുടെ ഉത്പാദനവും, വാണിജ്യാടിസ്ഥാനത്തിലുള്ള വിപണനവും സംബന്ധിച്ച് കർഷകർക്ക് അവബോധം സൃഷ്ടിക്കുന്നതിന് എല്ലാ ജില്ലകളിലും കർഷക സംഗമവും, സെമിനാറും സംഘടിപ്പിക്കാൻ കൃഷി, മൃഗസംരക്ഷണ വകുപ്പ് മന്ത്രി കെ.പി. മോഹനൻ നിർദേശിച്ചു.

ഈ മാസം 29 ന് കോഴിക്കോട് ആദ്യ സംഗമം നടത്തും. ഇതോടൊപ്പം നാളീകേര മൂല്യവർധിത ഉത്പന്നങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുന്നുണ്ട്. സംഗമത്തിൽ കൃഷി വകുപ്പ്, ഫാം ഇൻഫർമേഷൻ ബ്യൂറോ, കേരശ്രീ ക്ലസ്റ്ററുകൾ, കേരള കാർഷിക സർവകലാശാല എന്നിവയുടെ പ്രാതിനിധ്യവും ഉണ്ടാകും.